കേരള സർക്കാർ

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

## 1980-81

എറണാകുളം ഗവൺമെൻറ് പ്രസ്സിൽ നിന്നും ഗവൺമെൻറ്
പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്
1983

# എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഭരണ റിപ്പോർട്ട്

## 1980-81

©
കേരള സർക്കാർ
1983

# ആസൂത്രണ സാമ്പത്തിക (ബി) വകുപ്പ്

ജി.ഒ. (ആർ.ടി.) 419/82/പ്ലാനിംഗ്, തീയതി: 26–8–1982

സംഗ്രഹം.—എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 1980–81-ലെ ഭരണറിപ്പോർട്ട്—പ്രത്യവലോകനം ചെയ്തു.

പരാമർശം.—പിബി 3–10112/81/ഇ. എസ്. ഡി. എന്ന നമ്പരിൽ 23–6–1982-ൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ അയച്ച കത്ത്.

## ഉത്തരവ്

1\. രേഖപ്പെടുത്തി.

2\. ഡോ. പി. എ. നായർ റിപ്പോർട്ടുവർഷത്തിൽ ഡയറക്ടറായി തുടർന്നു.

3\. എക്കണോമിക്സ് ആൻഡ് സ്ററാററിസ്ററിക്സ് വകുപ്പ് സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ ഒരു മുഖ്യഘടകമായും സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിന്റെ ഒരു ഉപദേശകഘടകമായും പ്രവർത്തിച്ചു.

4\. കാർഷിക സ്ഥിതിവിവരക്കണക്കുവിഭാഗം കൃഷിവ്യാപ്തി, കാർഷികോൽപ്പാദനനിരക്ക്, പൊതുകാർഷികസ്ഥിതികൾ എന്നിവയെപ്പററിയുള്ള വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിച്ച് എസ്ററിമേററുകളും റിപ്പോർട്ടുകളും തയ്യാറാക്കി.

5\. കേരളത്തിലെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് 1975–76-ൽ ആരംഭിച്ച പദ്ധതിയുടെ ഒന്നാം ഘട്ടം 1980–81-ലെ സർവേയോടുകൂടി അവസാനിച്ചു. വിവിധ വിളവുകൾ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, മററു വിനിയോഗങ്ങൾ മുതലായവ തിട്ടപ്പെടുത്തുക, ജലസേചനം ലഭിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി, പ്രധാന കാർഷികവിളവുകളുടെ ഉൽപാദനം, അത്യുൽപാദനശേഷിയുള്ള നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി എന്നിവയുടെ മതിപ്പ് തയ്യാറാക്കുക ഇവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

6\. ടി. ആർ. എസ്. നു തിരഞ്ഞെടുക്കപ്പെട്ടതിൽ 20 ശതമാനം വില്ലേജുകളിൽ സമാന്തര സാമ്പിൾ പരിശോധനാപദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ മേൽനോട്ടം ഈ വകുപ്പിലെ അഡീഷണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരിലും നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷനിലും നിക്ഷിപ്തമായിരുന്നു. സ്വന്തം അധികാരപരിധിയിൽ വരുന്ന സാമ്പിളിലെ ഫീൽഡുവർക്ക് അതാതു ജില്ലാ ഓഫീസർമാർ നടത്തിവന്നു.

7. ഭാരതത്തിലാകമാനം നടത്തിയ കാർഷികസെൻസസിൻെറ ഭാഗമായി കേരളത്തിലും 1976–77-ൽ സംസ്ഥാനവ്യാപകമായി കാർഷിക സെൻസസ് നടത്തുകയുണ്ടായി. റിപ്പോർട്ടുവർഷത്തിൽ സംസ്ഥാനതല കാർഷിക സെൻസസിൻെറ റിപ്പോർട്ടും പട്ടികകളും കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശാനുസരണം ആവശ്യമായ ഭേദഗതികൾ വരുത്തി കേന്ദ്രഗവൺമെൻറിനു വീണ്ടും സമർപ്പിച്ചുകഴിഞ്ഞു.

8. ഈ വകുപ്പിലെ പ്രൈസസ് വിഭാഗം പ്രൈസസ് (ജനറൽ) ഇൻഡക്സ് സീരീസ് എന്നീ രണ്ടു യൂണിററുകളോടുകൂടി തുടർന്നു പ്രവർത്തിച്ചു.

9. പ്രൈസസ് (ജനറൽ) വിഭാഗം താഴെ പറയുന്ന ജോലികൾ ഏറെറടുത്തു നടത്തുകയുണ്ടായി:

(1) 40 അവശ്യസാധനങ്ങളുടെ ദൈനംദിനവില ജില്ലാതലസ്ഥാനങ്ങളിൽനിന്ന് ടെലക്സ് മുഖേന ശേഖരിച്ചു ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിലേക്കയച്ചു.

(2) വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസറിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് അയച്ചു.

(3) 92 ഇനം ഉപഭോക്തൃസാധനങ്ങളുടെ പ്രതിവാര ചില്ലറവില ശേഖരിച്ച് സൂചിക തയ്യാറാക്കി.

(4) ഉപഭോക്തൃവിലസൂചിക കണക്കാക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിയുക്തമായ കമ്മിററിയുടെ ശുപാർശയനുസരിച്ച് റേഷൻസാധനങ്ങളുടെ ആദ്യത്തെ ഓഫ് ടേക്ക് സർവേ 1980 ആഗസ്ററിൽ നടത്തുകയും 1980 ജൂലൈ മുതലുള്ള ഉപഭോക്തൃവിലസൂചിക പ്രസ്തുത സർവേ റിസൾററ് ഉപയോഗിച്ച് തയ്യാറാക്കുകയും ചെയ്തു.

(5) 15 തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ ഉപഭോക്തൃവിലസൂചിക തയ്യാറാക്കി പതിവുപോലെ ഗസററിൽ വിജ്ഞാപനം ചെയ്തു.

(6) ലേബർ ബ്യൂറോ സീരീസിൻെറ ഉപഭോക്തൃവിലസൂചിക കേന്ദ്ര (സീരീസ്) തയ്യാറാക്കുവാൻവേണ്ടി 5 സെൻററുകളിൽനിന്നും ചില്ലറ വിൽപനവില 1980 ഡിസംബർ വരെ ശേഖരിച്ചുവന്നു. 1971 അടിസ്ഥാന വർഷമായി കൊല്ലം, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് വില ശേഖരിച്ചിരുന്നത് 1980 ഡിസംബറിൽ നിർത്തുകയും 1981 അടിസ്ഥാന വർഷമായി കുടുംബ ബഡ്ജററ് (ലേബർ ബ്യൂറോ) തിരുവനന്തപുരം, കൊല്ലം, മുണ്ടക്കയം, ആലുവ എന്നീ സെൻററുകളിൽ നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തു. ആലപ്പുഴ, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് പഴയ സീരീസിലുള്ള വിലസൂചിക കണക്കാക്കുന്നതിനുള്ള വിലകൾ ശേഖരിച്ചുവന്നു.

(7) ആരോഗ്യവകുപ്പിൻേറയും നാട്ടുചികിൽസാവകുപ്പിൻേറയും ഉപയോഗത്തിനായി ആശുപത്രികൾക്കാവശ്യമുള്ള ആഹാരസാധനങ്ങളുടേയും മററു പദാർത്ഥങ്ങളുടേയും കമ്പോളവില ഈ വർഷവും ശേഖരിച്ചു. സർക്കാരാശുപത്രികളിലും മററും സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതു സംബന്ധിച്ച കരാറുകൾക്ക് അന്തിമരൂപം നൽകാൻ ഇവ ആവശ്യമാണ്.

(8) മാർക്കററ് ഇൻറലിജൻസ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി അനുസരിച്ച് തിരുവനന്തപുരം മേഖലയിലെ 27-ം കോഴിക്കോട് മേഖല യിലെ 16-ം കേന്ദ്രങ്ങളിലെ കമ്പോളവില ഉാക്കൊള്ളുന്ന വിലനിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽ ഗ്രാമരംഗത്തിലോ കാർഷികരംഗത്തിലോ പ്രക്ഷേപണം ചെയ്തു.

10. ഇൻഡക്സ് സീരീസ് വിഭാഗം കാർഷികോൽപ്പന്നങ്ങളുടെ മൊത്തവിലസൂചിക, കാർഷികവിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചിലവും തമ്മിലുള്ള താരതമ്യപഠനസൂചിക കാർഷിക വേതനസൂചിക എന്നിവ തയ്യാറാക്കി.

11. നടപ്പുവിലനിലവാരത്തിലും സ്ഥിരവിലനിലവാരത്തിലും സംസ്ഥാന വരുമാനവും പ്രതിശീർഷവരുമാനവും നിർണ്ണയിക്കുക, ജില്ലാ തലവരുമാനം നിർണ്ണയിക്കുക, സംസ്ഥാന ബഡ്ജററിൻെറ എക്കണോ മിക്സ് ക്ലാസിഫിക്കേഷൻ നടത്തുക, വിവിധ മേഖലകളിലെ മൂലധന സമാഹരണത്തെക്കുറിച്ചുള്ള പഠനങ്ങാം നടത്തുക എന്നിവയാണ് സംസ്ഥാനവരുമാന നിർണ്ണയവിഭാഗത്തിൻെറ പ്രധാന ജോലികാം.

12. തൊഴിൽ സ്ഥിതിവിവരക്കണക്കുവിഭാഗം റിപ്പോർട്ടുവർഷത്തിൽ 1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്ററർചെയ്ത ഫാക്ടറികാം 1979-ലേക്ക് സമർപ്പിച്ചതായ സ്ഥിതിവിവരക്കണക്കുകാം പരിശോധിച്ച ശേഷം സമാഹരിച്ച് വാർഷികറിപ്പോർട്ടും ബന്ധപ്പെട്ട സ്റ്റേറ്റുമെൻറു കളും തയ്യാററാക്കി സിംലയിലുള്ള ലേബർബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

13. വ്യാവസായിക സ്ഥിതിഗണിതവിഭാഗം റിപ്പോർട്ടുവർഷത്തിൽ 1975–76-ലെ വാർഷിക സർവേ റിപ്പോർട്ട് അച്ചടിക്കാൻ അയക്കുകയും 1976–77-ലെ വാർഷിക സർവേ റിപ്പോർട്ട് പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ 1977–78-ലെ വാർഷികസർവേ റിപ്പോർട്ട് തയ്യാററാക്കുന്ന ജോലികാം ത്വരിതപ്പെടുത്തുകയും 1978–79-ലെ വാർഷിക സർവേ റിപ്പോർട്ട് തയ്യാറാ ക്കുന്നതിനുള്ള പ്രാരംഭ നടപടികാം എടുക്കുകയും ചെയ്തു.

14. മാനവശക്തി ആസൂത്രണവിഭാഗം റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്ന പഠനങ്ങളെ സംബന്ധിച്ച് റിപ്പോർട്ടുകാം തയ്യാററാക്കി.

(1) സംസ്ഥാന ഗവൺമെൻറ് സെക്ടറിലുള്ള വളർച്ച.

(2) മൽസ്യം, മൽസ്യഉൽപന്നങ്ങാം എന്നിവയുടെ വിപണനത്തിൽ ഉള്ള തൊഴിലവസരങ്ങളെപ്പററിയുള്ള പഠനം.

(3) കൃഷിവകുപ്പിൽ ഉന്നതബിരുദധാരികളുടെ വിനിയോഗത്തെ പ്പററിയുള്ള പഠനം.

(4) മദ്ധ്യതല മാനവശക്തിയുടെ രൂപീകരണം കേരളത്തിലെ വ്യവ സായങ്ങാംക്കുവേണ്ടി ഒരു പഠനം.

15. ജനസംഖ്യ ഗവേഷണകേന്ദ്രം റിപ്പോർട്ടുവർഷത്തിൽ താഴെ പറ യുന്ന പഠനങ്ങാം ഏറെറടുത്തു നടത്തുകയുണ്ടായി.

(1) പാലക്കാട് ജില്ലയിലെ കുടുംബക്ഷേമ പ്രവർത്തനരംഗത്തുള്ള പ്രഖ്യാപിത നേട്ടങ്ങളുടെ യാഥാർത്ഥ്യവും സ്വഭാവവും കുടുംബക്ഷേമ മാർഗ്ഗങ്ങാം സ്വീകരിച്ചിട്ടുള്ളവരുടെ എണ്ണം, വയസ്, ജീവിച്ചിരിക്കുന്ന

കുട്ടികളുടെ എണ്ണം, വിദ്യാഭ്യാസം, വരുമാനം, തൊഴിൽ, വിവാഹപ്രായം എന്നിവയെ സംബന്ധിച്ചുള്ള ഒരു പഠനം നടത്തിയതിന്റെ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

(2) 1974–75, 1975–76 വർഷങ്ങളിൽ വന്ധ്യംകരണ ശസ്ത്രക്രിയക്കു വിധേയരായവരുടേയും ലൂപ്പുനിക്ഷേപം നടത്തിയിട്ടുള്ളവരുടേയും ജനസംഖ്യാപരമായ സവിശേഷതകളേയും സാമൂഹിക പശ്ചാത്തലങ്ങളേയും പററിയുള്ള പഠനങ്ങൾ നടത്തി അവയുടെ റിപ്പോർട്ടുകൾ തയ്യാറാക്കി.

(3) കുടുംബക്ഷേമപരിപാടികളെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവും മനോഭാവവും അവയുടെ ഉപയോഗനിലവാരവും മനസ്സിലാക്കാൻവേണ്ടി നടത്തിയ പഠനത്തിന്റെ റിപ്പോർട്ടു തയ്യാറാക്കി.

16. ജനനമരണ സ്ഥിതിവിവരക്കണക്കുവിഭാഗം സംസ്ഥാനത്തെ ജനനമരണങ്ങളുടെ കണക്കുകൾ ശേഖരിച്ച് പഠനം നടത്തി റിപ്പോർട്ടു തയ്യാറാക്കുന്ന പതിവ് റിപ്പോർട്ടുവർഷത്തിലും തുടർന്നു.

17. ലോകബാങ്കിന്റെ സഹകരണത്തോടുകൂടി കേരളത്തിലെ സന്താനോൽപാദനത്തിൽ ഉണ്ടായിട്ടുള്ള കുറവിന്റെ കാരണങ്ങളെ സംബന്ധിച്ച ഒരു പഠനത്തിന്റെ ഫീൽഡ് ജോലികൾ ഫെർട്ടിലിററി സർവേ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചത് 1980 ജൂൺ മാസത്തിൽ പൂർത്തിയാക്കി സർവേയിൽ ശേഖരിച്ച വിവരങ്ങൾ സൂക്ഷ്മമായ പരിശോധനകൾക്കുശേഷം അപഗ്രഥിച്ച് പട്ടികകൾ തയ്യാറാക്കുകയുണ്ടായി.

18. റിപ്പോർട്ടുവർഷത്തിലും വിലയിരുത്തൽ വിഭാഗത്തിന്റെ പ്രവർത്തനം തുടരുകയുണ്ടായി.

19. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യ-സാമ്പത്തികവിവരങ്ങൾ രാജ്യവ്യാപകമായ തോതിൽ ശേഖരിക്കുന്നതിന് നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ നടത്തി വരുന്ന സാമ്പിൾ സർവേ റിപ്പോർട്ടുവർഷവും തുടരുകയുണ്ടായി.

20. അഡ്മിനിസ്ട്രേററീവ് ഇൻറലിജൻസ് വിഭാഗം സാമൂഹ്യവികസനബ്ലോക്കുകളിലെ പ്രവർത്തനപുരോഗതിയെക്കുറിച്ചു പഠനം നടത്തി വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലി റിപ്പോർട്ടുവർഷവും തുടർന്നു.

21. പ്രസിദ്ധീകരണവും സംയോജനവും വിഭാഗം റിപ്പോർട്ടുവർഷത്തിൽ 'കേരള എക്കണോമിക്സ് പ്രോഗ്രസ് ഇൻ ഫിഗേഴ്സ്', 'സ്ററാററിസ്ററിക്സ് ഫോർ പ്ലാനിംഗ്, 1980' എന്നീ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. 'ഡിസ്ട്രിക്ട് സ്ററാററിസ്ററിക്കൽ ഹാൻഡ് ബുക്ക്, കോഴിക്കോട്' തയ്യാറാക്കി പ്രസ്സിൽ അയച്ചു. മററു വിഭാഗങ്ങൾ തയ്യാറാക്കിയ താഴെ പറയുന്ന റിപ്പോർട്ടുകളും ഈ വർഷം പ്രസിദ്ധീകരിക്കുകയുണ്ടായി.

(1) എ സ്ററഡി ഓഫ് സ്റെററിലൈസ്ഡ് പേഴ്സൺസ് ഇൻ കേരള (1974–75, 1975–76).

(2) സാമ്പിൾ രജിസ്ട്രേഷൻ, കേരള (റൂറൽ) റിപ്പോർട്ട് നമ്പർ 15.

(3) സ്ററാററിസ്ററിക്കൽ ഹാൻഡ് ബുക്ക്, 1979.

(4) റിപ്പോർട്ട് ഓൺ സോഷ്യോ എക്കണോമിക് സർവേ ഓഫ് ട്രൈബൽസ് ഇൻ കേരള, 1976–78.

(5) വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ, 1979.

(6) മാൻപവർ സ്ററഡീസ് (വോളിയം 2)

(7) മാൻപവർ സ്ററഡീസ് (വോളിയം 3)

(8) മിനി ഇൻഡസ്ട്രിയൽ എസ്റേററ് ഇൻ കേരള.

(9) സെലക്ററഡ് സ്ററഡീസ് ഓൺ പോപ്പുലേഷൻ ആൻഡ് ഫാമിലി വെൽഫെയർ പ്രോഗ്രാം.

(10) വേജ് സ്ട്രക്ചർ സർവേ.

(11) സീസൺ ആൻഡ് ക്രോപ് റിപ്പോർട്ട് ഫോർ കേരള സ്റേററ്, 1976–77.

(12) ഇൻഡക്സ് നമ്പർ ഓഫ് അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ, ഏറിയാ ആൻഡ് പ്രോഡക്ററിവിററി.

(13) റിപ്പോർട്ട് ഓൺ ക്രോപ് കട്ടിംഗ് സർവേ ഓൺ വിൻറർ ആൻഡ് സമ്മർ ക്രോപ് ഓഫ് പാഡി, 1978.

(14) റിപ്പോർട്ട് ഓൺ ദി ടൈമ്ലി റിപ്പോർട്ടിംഗ് സർവേ ഓൺ അഗ്രിക്കൾച്ചറൽ സ്ററാററിസ്ററിക്സ് ഇൻ കേരള, 1977–78.

22. റിപ്പോർട്ടുവർഷത്തിൽ വിവിധ പദ്ധതികൾക്കായി 1,79,73,934 രൂപ ചിലവായി.

23. റിപ്പോർട്ടുവർഷം ഈ വകുപ്പിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

പി. കരുണാകരൻ നായർ,

അഡീഷണൽ സെക്രട്ടറി.

# എക്കണോമിക്സ് ആൻഡ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ 1980-81-ലെ ഭരണറിപ്പോർട്ട്

## അദ്ധ്യായം 1

## ആമുഖം

കേരള യൂണിവേഴ്സിററിയുടെ ഒരു പ്രത്യേക ഘടകമായി പ്രവർത്തിച്ചിരുന്ന ബോർഡ് ഓഫ് സ്ററാററിസ്ററിക്സ്, സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറ് എന്ന ഒരു പ്രത്യേക വകുപ്പായി 1955-ൽ രൂപംകൊള്ളുകയും തുടർന്ന് 1963-ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്ററാററിസ്ററിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകരം ശേഖരിക്കേണ്ട ഒരു മേജർ വകുപ്പായിത്തീരുകയും ചെയ്തു. ഈ വകുപ്പ് സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ ഒരു മുഖ്യഘടകമായി നിലകൊള്ളുന്നു. കൂടാതെ സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങരംക്ക് സർക്കാരിൻെറ ഒരു ഉപദേശഘടകമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകരം വിശകലനം ചെയ്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകരംക്കും മററു സാമ്പത്തിക കേന്ദ്രങ്ങരംക്കും അയച്ചുകൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽ പെട്ടതാകുന്നു. തൻമൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതികരം ആസൂത്രണം ചെയ്യുന്നതിന് ഈ വകുപ്പ് പരമപ്രധാനമായ ഒരു പങ്ക് നിർവഹിച്ചുപോരുന്നു.

## 2. ഉദ്യോഗസ്ഥൻമാർ

1. ഡയറക്ടർ.—ഡോ. പി. എ. നായർ റിപ്പോർട്ടുവർഷം മുഴുവനും ഡയറക്ടറായി തുടർന്നു.

2. അഡീഷണൽ ഡയറക്ടർമാർ.—ഡോ. ആർ. ശിവശങ്കരക്കുറുപ്പ് റിപ്പോർട്ടുവർഷം മുഴുവനും അഡീഷണൽ ഡയറക്ടർ (ജനറൽ) ആയി തുടർന്നു.

ശ്രീ. ടി. കുരുവിള മാത്തൻ, പുതുതായി അനുവദിച്ച അഡീഷണൽ ഡയറക്ടർ (സ്റേററ് ഇൻകം) തസ്തികയിൽ 1981 ജനുവരിയിൽ ചാർജെടുക്കുകയും റിപ്പോർട്ടുവർഷം തുടരുകയും ചെയ്തു.

ശ്രീ. കെ. എ. ജോർജ്, പുതുതായി അനുവദിച്ച അഡീഷണൽ ഡയറക്ടർ (പ്രൈസസ്) തസ്തികയിൽ 21–1–1981-ൽ ചാർജെടുക്കുകയും 31–1–1981-ൽ റിട്ടയർ ചെയ്യുകയും ചെയ്തു. തുടർന്ന് ശ്രീ. വി. ശങ്കരനാരായണൻ പോററി അഡീഷണൽ ഡയറക്ടറായി ചാർജെടുക്കുകയും 31–3–1981 വരെ തുടരുകയും 31–3–1981-ൽ റിട്ടയർ ചെയ്യുകയും ചെയ്തു

3. അഡ്മിനിസ്ട്രേററീവ് ആഫീസർ.—ശ്രീ. എൻ. വിശ്വനാഥക്കുറുപ്പ് അഡ്മിനിസ്ട്രേററീവ് ആഫീസറായി റിപ്പോർട്ടുവർഷം മുഴുവനും തുടർന്നു.

4. ജോയിൻറ് ഡയറക്ടർമാർ.—റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ ജോയിൻറ് ഡയറക്ടർമാരായി തുടർന്നു :—

(1) ശ്രീ. ടി. കുരുവിള മാത്തൻ 1/1981 വരെ
(2) ,, കെ. എ. ജോർജ് ,,
(3) ,, വി. ശങ്കരനാരായണൻ പോററി 2/1981 വരെ
(4) ,, കെ. രാമവർമ്മ
(5) ,, ആർ. ഗോപാലകൃഷ്ണൻ നായർ
(6) ,, കെ. എൻ. ഗോപാലപ്പണിക്കർ 1981 വരെ
(7) ,, എൻ. ജോർജ് ജോൺ
(8) ,, കെ. ഈശ്വരൻകുട്ടി
(9) ,, കെ. ബാലകൃഷ്ണൻ നായർ
(10) ,, പി. എസ്. ഗോപിനാഥൻ നായർ 1981 വരെ
(11) ,, പി. ടി. ജോസ്ഫ് ,,
(12) ,, സി. തോമസ് വറുഗീസ്
(13) ,, എൻ. ഗോപാലകൃഷ്ണൻ
(14) ,, ജി. രാമചന്ദ്രൻ നായർ

5. ഡെപ്യൂട്ടി ഡയറക്ടർമാർ.—

(1) ശ്രീ. കെ. ഈശ്വരൻകുട്ടി
(2) ,, കെ. ബാലകൃഷ്ണൻ നായർ
(3) ,, പി. എൻ. ഗോപിനാഥൻ നായർ
(4) ,, പി. ടി. ജോസഫ്
(5) ,, സി. തോമസ് വറുഗീസ്
(6) ,, എൻ. ഗോപാലകൃഷ്ണൻ
(7) ,, ജി. രാമചന്ദ്രൻ നായർ
(8) ഡോ. ടി. എഡ്വിൻ
(9) ശ്രീ. എസ്. സ്ഥാണുകൃഷ്ണയ്യർ
(10) ശ്രീമതി പി. എൽ. ശ്രീദേവിയമ്മ
(11) ശ്രീ. കെ. ഭാസ്ക്കരമേനോൻ
(12) ,, ജി. സോമശേഖരൻ നായർ
(13) ശ്രീമതി എസ്. രത്നാഭായി അമ്മാറം
(14) ,, ടി. സരസ്വതി അമ്മ
(15) ശ്രീ. കെ. കെ. കരുണാകരൻ
(16) ,, ടി. ജനാർദ്ദനമേനോൻ
(17) ,, എ. ബാലകൃഷ്ണൻ
(18) ,, പി. ഗോപിനാഥപിള്ള
(19) ,, വി. കെ. പാററൻ ഉണ്ണി 9/1979 മുതൽ
(20) ,, എൻ. വി. ജോർജ്
(21) ,, വി. എൻ. സുകുമാരപിള്ള
(22) ,, പി. വാസുദേവൻ നമ്പൂതിരി
(23) ,, ടി. പി. രാജഗോപാൽ

6. താഴെ പറയുന്ന അസിസ്ററൻറ് ഡയറക്ടർമാർ റിപ്പോർട്ടുവർഷത്തിൽ തുടർന്നു :—

(1) ശ്രീ. പി. വാസുദേവൻ നമ്പൂതിരി
(2) ,, എസ്. നടരാജൻ, കേരള യൂണിവേഴ്സിററിയിൽ ഡെപ്യൂട്ടേഷനിൽ തുടർന്നു.

(3) ശ്രീ. കെ. അച്ചുതൻ
(4) ,, സി. ആർ. പരമേശ്വരൻ
(5) ,, എം. കുട്ടപ്പൻ
(6) ,, എം. കെ. ഭാസ്ക്കരപിള്ള
(7) ശ്രീമതി സൈനബ
(8) ,, കെ. ലീലാകുമാരി
(9) ശ്രീ. കെ. പി. മാധവക്കുറുപ്പ്
(10) ,, പി. കെ. രാമകൃഷ്ണൻ നായർ
(11) ,, ജി. സുരേന്ദ്രനാഥൻ നായർ
(12) ,, പി. ബി. ലക്ഷ്മണൻ
(13) ,, കെ. ഈശ്വരൻ നമ്പൂതിരി
(14) ,, പി. ഗോപാലൻ
(15) ,, ഒ. അയ്യപ്പൻ
(16) ,, ആർ. പരമേശ്വരൻ നായർ
(17) ,, എ. അബ്ദുൾ ഗഫൂർ
(18) ,, സി. കുമാരസ്വാമി
(19) ,, എൻ. വിക്രമൻ നായർ
(20) ,, സി. ഡാനിയൽ
(21) ,, എ. വി. മത്തായി
(22) ,, എ. പി. പത്രോസ്
(23) ശ്രീമതി എസ്. സുനിത
(24) ശ്രീ. സി. സോമവർമ്മ
(25) ,, ഇ. പി. രാമൻ നമ്പൂതിരി
(26) ,, സി. ജി. വാസുദേവൻ നായർ
(27) ,, ആർ. ജനാർദ്ദനൻ
(28) ,, എ. എം. ഹരിദാസൻ നായർ
(29) ,, പി. ജെ. ബേസിൽ
(30) ,, വി. എ. ഏബ്രഹാം

7. റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ റീജിയണൽ ഓഫീസർമാരായി തുടരുകയുണ്ടായി :

(1) ശ്രീ. എം. മുഹമ്മദ് സർവർഖാൻ
(2) ,, കെ. എൻ. രാധാകൃഷ്ണൻ നായർ
(3) ,, എച്ച്. പത്മനാഭ അയ്യർ
(4) ,, കെ. അനന്തനാരായണ അയ്യർ
(5) ,, എ. ഷാഹുൽ ഹമീദ്
(6) ,, കെ. കെ. സുകുമാരൻ
(7) ,, വി. സി. കുര്യൻ
(8) ,, ടി. ദിവാകരൻ നായർ

8. സർവശ്രീ വി. കെ. അച്ചുതൻ നമ്പ്യാർ, പി. നാരായണൻ, കെ. അപ്പുക്കുട്ടൻ നായർ എന്നിവർ റിപ്പോർട്ടുവർഷം മുഴുവനും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറുമാരായി തുടർന്നു.

9. <u>സീനിയർ സൂപ്രണ്ട്</u>.—താഴെ പറയുന്നവർ റിപ്പോർട്ടുവർഷത്തിൽ സീനിയർ സൂപ്രണ്ടുമാരായി തുടർന്നു :

(1) ശ്രീ. കെ. എ. ശങ്കു
(2) ,, കെ. പി. കരുണാകരൻ
(3) ശ്രീമതി വി. എസ്. ജാനകി

10. പബ്ലിക്കേഷൻ അസിസ്റ്ററൻറ്.—ശ്രീ. ആർ. വി. അനന്തസുബ്രഹ്മണ്യം റിപ്പോർട്ടുവർഷം മുഴുവനും പബ്ലിക്കേഷൻ അസിസ്റ്ററൻറായി തുടർന്നു.

11. റിസർച്ച് ഓഫീസർ.—താഴെ പറയുന്നവർ റിപ്പോർട്ടുവർഷം മുഴുവനും റിസേർച്ച് ഓഫീസർമാരായി തുടർന്നു :

(1) കെ. എൻ. സഹദേവൻ
(2) മാത്യു തോമസ്
(3) ടി. ജി. ഫ്രാൻസീസ്
(4) കെ. വാസുദേവ ഭട്ടതിരി
(5) കെ. ശിവശങ്കരൻ നായർ
(6) എൻ. നാരായണപിള്ള
(7) എൻ. അപ്പുക്കുട്ടൻ പിള്ള
(8) കെ. സാം വർഗ്ഗീസ്
(9) കെ. പി. രാജേന്ദ്രപ്രസാദ്
(10) എം. വേലായുധൻ
(11) പി. കെ. ജോർജ്
(12) വി. കെ. ശശിധരൻ
(13) പി. ഗോപിനാഥൻ
(14) എസ്. കൃഷ്ണൻ നായർ
(15) ജെ. ബിയാട്രിസ്
(16) ടി. യോഹന്നാൻ
(17) എ. സരസമ്മ
(18) സി. വൈജയന്തി
(19) ലില്ലിക്കുട്ടി മാത്യു
(20) ജി. രവീന്ദ്രനാഥനാചാരി
(21) വി. വൽസൻ
(22) എൻ. സുബ്രഹ്മണ്യപിള്ള
(23) മാത്യു എം. വർഗ്ഗീസ്
(24) ടി. എച്ച്. വിൽസ്
(25) ഗംഗാധര മുരുകൻ
(26) കെ. ലീല
(27) എം. അബ്ദുറ റഹിമാൻ
(28) എം. ഡി. യേശുദാസൻ
(29) കെ. രാധമ്മ
(30) എം. എസ്. വൽസല
(31) ആർ. മോഹൻദാസ്
(32) എസ്. ഇന്ദിര
(33) സി. വിജയഭാരതിക്കുട്ടിയമ്മ
(34) കെ. പി. കേശവൻ നായർ
(35) കെ. ടി. തോമസ്
(36) പി. സി. ജെയിൻ
(37) കെ. ജോർജ് മത്തായി
(38) എസ്. രാധ
(39) പി. ഗോപിനാഥൻ നായർ
(40) സി. സി. ചെറിയാൻകുഞ്ഞ്
(41) കെ. പി. ഗോപി
(42) ടി. ടി. മൈക്കിം
(43) പി. കൊച്ചുനാരായണപിള്ള
(44) കെ. നാരായണൻ
(45) ബി. മോഹനകുമാരൻനായർ
(46) വി. ജെ. ഐസക്ക്
(47) ബി. അംബികാകുമാരി
(48) ജെ. ഷാഹുൽ ഹമീദ്
(49) ടി. വി. ഐസക്ക്
(50) കെ. വി. മറിയാമ്മ
(51) ശ്യാമളാദേവി
(52) സി. ജെ. ഗോപാല കൃഷ്ണൻ നായർ
(53) കെ. പി. ത്രേസ്യാമ്മ
(54) പി. ശിവരാമൻ
(55) കെ. മുഹമ്മദുകുട്ടി
(56) എം. പി. സതീശൻ
(57) പി. പരമേശ്വരൻ നായർ
(58) കെ. ദിവാകരൻ പിള്ള
(59) മേരി മാനുവൽ
(60) എൻ. എസ്. രാജപ്പൻ
(61) കെ. ബാലകൃഷ്ണമേനോൻ
(62) ജോസഫ് ജെ. കാവുക്കാട്ട്
(63) വി. എം. കുമാരൻ
(64) സി. അപ്പുക്കുട്ടൻ പിള്ള
(65) സി. ഭാസ്ക്കരൻ
(66) പി. ടി. ആൻറണി
(67) പി. പി. ഗോപാലകൃഷ്ണ പിള്ള
(68) കനകം ഹരിദാസ്
(69) ആർ. സുബ്രഹ്മണ്യം
(70) എൻ. കെ. കൃഷ്ണൻകുട്ടി
(71) ഡി. രാജൻ
(72) കെ. ദാമോദരൻ
(73) പി. കെ. ദാസൻ
(74) സി. പി. രാജേന്ദ്രൻ
(75) മിനി ജോർജ്
(76) പി. എസ്. പ്രഭാകരൻ
(77) പി. ഡി. മറിയാമ്മ
(78) പി. രാഘവൻ നായർ
(79) ഇ. ജി. ഗോപാലകൃഷ്ണ മാരാർ

(80) ടി. ഒ. ജോൺ
(81) പി. രാമകൃഷ്ണപിള്ള
(82) എം. ഷംസുദ്ദീൻ
(83) കെ. കെ. സാമന്തഭദ്രൻ
(84) ജി. വിഷ്ണുമൂർത്തി
(85) എ. ചന്ദ്രികാദേവി
(86) എൻ. ആർ. ലില്ലിഭായി
(87) പി. എൻ. കൃഷ്ണൻ
(88) കെ. ഗോപാലകൃഷ്ണൻ നായർ
(89) എൻ. ഗോപാലകൃഷ്ണ കൈമൾ
(90) ആർ. സരള
(91) എസ്. സോമശേഖരപിള്ള
(92) കെ. രത്നമ്മ
(93) കെ. രഘുനന്ദനൻ
(94) എൻ. ശാന്തകുമാരി
(95) എം. എൻ. പത്മനാഭൻ നായർ
(96) രാജിപ്രസാദ്
(97) യു. ബാലാജി

12. താഴെ പറയുന്ന റിസർച്ച് ആഫീസർമാർ മറ്റു വകുപ്പുകളിലെ ഡിപ്പാർട്ടുമെൻറൽ മാൻപവർ ഓഫീസർമാരായി റിപ്പോർട്ടുവർഷത്തിൽ തുടർന്നു.

(1) കെ. കെ. സാമന്തഭദ്രൻ
(2) കെ. മാധവനുണ്ണി
(3) കെ. പാറുക്കുട്ടിയമ്മ
(4) എ. എം. ജോസഫ്
(5) ടി. മണി
(6) എൻ. ശിവദാസൻ

13. ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ/അഡീഷണൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ/സ്ക്രൂട്ടിനി ആഫീസർ/പ്രൈസ് സൂപ്പർവൈസറി ആഫീസർ.

റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർമാരായി തുടർന്നു.

| | | |
|---|---|---|
| (1) എസ്. ആർ. ശെൽവരാജ് | .. | തിരുവനന്തപുരം |
| (2) എസ്. മാധവൻ നായർ | .. | കൊല്ലം |
| (3) ഡി. കെ. വിദ്യാനന്ദൻ | .. | കോട്ടയം |
| (4) പി. ആർ. മുരളീധരൻ നായർ | .. | ഇടുക്കി |
| (5) കെ. പി. കരുണാകരൻ പിള്ള | .. | ആലപ്പുഴ |
| (6) കെ. എം. മാത്യു | .. | എറണാകുളം |
| (7) സി. സുകുമാരൻ നായർ | .. | തൃശ്ശൂർ |
| (8) കെ. നാരായണൻ നായർ | .. | പാലക്കാട് |
| (9) പി. സി. പോളം | .. | മലപ്പുറം |
| (10) വി. സി. ജോർജ്ജ് | .. | കോഴിക്കോട് |
| (11) കെ. വി. കുഞ്ഞപ്പൻ നായർ | .. | കണ്ണൂർ |

14. താഴെ പറയുന്നവർ അഡീഷണൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ/പ്രൈസ് സൂപ്പർവൈസറി ആഫീസർ തസ്തികയിൽ ജില്ലകളിൽ തുടർന്നു.

| | | |
|---|---|---|
| (1) കെ. കൃഷ്ണൻ | .. | തിരുവനന്തപുരം |
| (2) എസ്. ചന്ദ്രശേഖരൻ നായർ | .. | ,, |
| (3) എം. നാരായണൻ | .. | ,, |
| (4) എൻ. ബാലകൃഷ്ണൻ നായർ | .. | ,, |
| (5) കെ. ശിവപാലൻ | .. | ,, |
| (6) സി. എ. ആനന്ദൻ | .. | കൊല്ലം |
| (7) ജോർജ്ജ് മാത്യു | .. | ,, |
| (8) പി. രാജമ്മാൾ | .. | കോട്ടയം |

| | | |
|---|---|---|
| (9) ടി. പി. ഗോപിനാഥൻ | .. | കോട്ടയം |
| (10) കെ. പ്രഭാകരൻ | .. | ,, |
| (11) എൻ. തങ്കമ്മ | .. | ഇടുക്കി |
| (12) കെ. അപ്പു ആചാരി | .. | ,, |
| (13) എം. മുഹമ്മദ് മൂസാക്കുഞ്ഞു | .. | ആലപ്പുഴ |
| (14) സി. പി. മാത്തുണ്ണി | .. | ,, |
| (15) കെ. രാമക്കുറുപ്പ് | .. | ,, |
| (16) എം. എസ്. പുഷ്പകുമാരി | .. | എറണാകുളം |
| (17) എ. വി. യാക്കോബ് | .. | ,, |
| (18) പി. എം. പോാം | .. | ,, |
| (19) ബി. നാരായണൻ നായർ | .. | തൃശ്ശൂർ |
| (20) കെ. ശ്രീധരൻ | .. | ,, |
| (21) ടി. വി. ഫിലിപ്പോസ് | .. | ,, |
| (22) കെ. പി. കൃഷ്ണൻ | .. | ,, |
| (23) ആർ. രവീന്ദ്രനാഥൻ കർത്താ | .. | പാലക്കാട് |
| (24) ടി. യു. മത്തായി | .. | ,, |
| (25) എൻ. ഗോപാലൻ നായർ | .. | ,, |
| (26) കെ. ഗോപിനാഥൻ | .. | മലപ്പുറം |
| (27) എം. സി. സാമുവൽ | .. | ,, |
| (28) ടി. ശ്രീധരൻ | .. | ,, |
| (29) കെ. എം. യോഹന്നാൻ | .. | കോഴിക്കോട് |
| (30) പി. എം. അബൂബേക്കർ | .. | ,, |
| (31) വി. എസ്. ദാമോദരൻ നായർ | .. | ,, |
| (32) കെ. എൻ. വാസുദേവൻ നായർ | .. | കണ്ണൂർ |
| (33) ജി. അരവിന്ദാക്ഷൻ നായർ | .. | ,, |
| (34) കെ. ടി. സഖറിയാ | .. | ,, |
| (35) ടി. ജി. ശങ്കരൻ | .. | ലീവിൽ |

15. താഴെ പറയുന്നവർ ഈ ഡയറക്ടറേറ്റിൽ സ്ക്രൂട്ടിനി ആഫീസർമാരായി റിപ്പോർട്ടുവർഷത്തിൽ തുടർന്നു.

(1) കെ. ഗോപാലൻ നാടാർ
(2) ജെ. സരോജിനിദേവി
(3) അന്നമ്മ മാത്യു
(4) എസ്. സരസ്വതി

16, റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ മറ്റു ഡിപ്പാർട്ടുമെൻറുകളിൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർമാരായി തുടർന്നു.

| | | |
|---|---|---|
| (1) എം. കെ. ഷൺമുഖം | .. | കൃഷി വകുപ്പ് |
| (2) എച്ച്. ജോൺസൺ | .. | പൊതുമരാമത്തു വകുപ്പ് |
| (3) കെ. ആർ. രാജൻ | . | മോട്ടോർ വെഹിക്കിൾസ് വകുപ്പ് |
| (4) കെ. ശ്രീകണ്ഠൻ നായർ | .. | ബോർഡ് ഓഫ് റവന്യൂ |

17. താഴെ പറയുന്ന ഡെപ്യൂട്ടി ഹെൽത്ത് ആഫീസർമാർ റിപ്പോർട്ടുവർഷം മുഴുവനും ആ തസ്തികയിൽ അവരുടെ പേരിനു നേരെ കാണിച്ചിരിക്കുന്ന കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയിൽ തുടർന്നു.

| | | |
|---|---|---|
| (1) എം. ശ്രീരാമൻ | .. | കോഴിക്കോട് |
| (2) വി. എ. ജനാർദ്ദനൻ | .. | കൊച്ചി |
| (3) കെ. സി. സുഗതൻ | .. | കൊല്ലം |

ഈ ഡിപ്പാർട്ടുമെൻറിലെ ഔദ്യോഗിക തസ്തികകളുടെ എണ്ണം 1981 മാർച്ച് 31-ന് താഴെ പറയുന്ന പ്രകാരമായിരുന്നു.

| ക്രമനമ്പർ | തസ്തിക | | എണ്ണം |
|---|---|---|---|
| 1. | ഡയറക്ടർ | .. | 1 |
| 2. | അഡീഷണൽ ഡയറക്ടർ | .. | 1 |
| 3. | അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | .. | 1 |
| 4. | ജോയിൻറ് ഡയറക്ടർ | .. | 7 |
| 5. | ഡെപ്യൂട്ടി ഡയറക്ടർ | .. | 10 |
| 6. | അസിസ്റ്റൻറ് ഡയറക്ടർ | .. | 37 |
| 7. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് | .. | 3 |
| 8. | റിസർച്ച് ആഫീസർ | .. | 97 |
| 9, | റീജിയണൽ ആഫീസർ | .. | 8 |
| 10. | ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ | .. | 11 |
| 11. | അഡീഷണൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ പ്രൈസ് സൂപ്പർ വൈസറി ആഫീസർ | .. | 39 |
| 12. | സ്ക്രൂട്ടിനി ആഫീസർ | .. | 4 |
| 13. | സീനിയർ സൂപ്രണ്ട് | .. | 3 |
| 14. | പബ്ലിക്കേഷൻ അസിസ്റ്റൻറ് | .. | 1 |
| 15. | ഡെപ്യൂട്ടി ഹെൽത്ത് ആഫീസർ | .. | 5 |
| 16. | ജൂനിയർ സൂപ്രണ്ട് | .. | 3 |
| 17. | ഫെയർ കോപ്പി സൂപ്രണ്ട് | .. | 3 |
| 18. | റിസർച്ച് അസിസ്റ്റൻറ്/സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/പ്രൈസ് ഇൻസ്പെക്ടർ | .. | 296 |
| 19 | ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | .. | 144 |
| 20. | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | .. | 2 |
| 21. | യു. ഡി. ടൈപ്പിസ്റ്റ് | .. | 10 |
| 22. | എൽ. ഡി. ടൈപ്പിസ്റ്റ് | .. | 34 |
| 23. | ലാംഗ്വേജ് ടൈപ്പിസ്റ്റ് | .. | 2 |
| 24. | കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് (ഗ്രേഡ് 1) | .. | 2 |
| 25. | കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് (ഗ്രേഡ് 2) | .. | 6 |
| 26. | യു. ഡി. ക്ലാർക്ക് | .. | 21 |
| 27. | എൽ. ഡി. ക്ലാർക്ക് | .. | 38 |
| 28. | യു. ഡി. കമ്പയിലർ/ഇൻവെസ്റ്റിഗേറ്റർ/പഞ്ച്കാർഡ് ഓപ്പറേറ്റർ | .. | 386 |
| 29. | എൽ. ഡി. കമ്പയിലർ/ഇൻവെസ്റ്റിഗേറ്റർ/പഞ്ച്കാർഡ് ഓപ്പറേറ്റർ | .. | 978 |
| 30. | ഡ്രാഫ്റ്റ്സ്മാൻ (യു. ഡി ) | .. | 1 |
| 31. | ഡ്രാഫ്റ്റ്സ്മാൻ (എൽ. ഡി.) | .. | 2 |
| 32. | ഡഫേദാർ | .. | 1 |
| 33. | മൊച്ചി | .. | 1 |
| 34. | അറ്റൻഡർ | .. | 1 |

| ക്രമനമ്പർ | തസ്തിക | | എണ്ണം |
|---|---|---|---|
| 35. | റോട്ടാ ടൈപ്പിസ്റ്റ് | .. | 1 |
| 36. | ഡ്രൈവർ | .. | 6 |
| 37. | നൈറ്റ് വാച്ചർ | .. | 1 |
| 38. | പ്യൂൺ | .. | 35 |

## ചെലവുകൾ

ഈ ഡിപ്പാർട്ടുമെൻറിൽ റിപ്പോർട്ടുവർഷത്തിലും മുൻവർഷത്തിലും വിവിധ പദ്ധതികൾക്കായി ചിലവായ തുകകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

| | നോൺ പ്ലാൻ | 1979–80 രൂപ | 1980–81 രൂപ |
|---|---|---|---|
| | (1) | (2) | (3) |
| 304 (ഡി) 1 | എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും ബ്യൂറോ .. | 63,65,185 | 68,97,085 |
| 304 (ഡി) 2 | ദേശീയ സാമ്പിൾ സർവേ .. | 5,37,357 | 5,66,836 |
| 304 (ഡി) 6 | സംസ്ഥാനവരുമാന സ്ഥിതിവിവരക്കണക്ക് വിഭാഗം .. | 1,39,426 | 1,56,167 |
| 304 (ഡി) 7 | വില വിവരം എടുക്കൽ ശക്തിപ്പെടുത്തുക .. | 1,21,409 | .. |
| 304 (ഡി) 8 | ആസൂത്രണങ്ങൾക്കുവേണ്ടി ധനവിഭവങ്ങളുടെ സ്ഥിതിവിവരക്കണക്ക് വിഭാഗം ആരംഭിക്കുക .. | 9.083 | 11,057 |
| 304 (ഡി) 9 | നഗരങ്ങൾ, മുനിസിപ്പൽ പട്ടണങ്ങൾ ഇവയെ സംബന്ധിച്ച സ്ഥിതിവിവരങ്ങളും ജില്ലാ സ്ഥിതിവിവരലഘുലേഖകളും തയ്യാറാക്കൽ .. | 18,477 | 21,789 |
| 304 (ഡി) 10 | ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് ഏകോപനം .. | 42,101 | 43,278 |
| 304 (ഡി) 13 | വിലയിരുത്തൽ ഘടകം .. | 1.75,185 | 2,00,938 |
| 307 (ഇ) 1 | മണ്ണ് സംരക്ഷണത്തിൻെറ വിലയിരുത്തൽ പരിപാടി .. | 60,534 | 57,859 |
| 320 എ(എഫ്) 8 | വ്യാവസായിക സ്ഥിതിവിവരഘടകങ്ങൾ .. | 1,07,505 | 1,04,176 |
| 265 (ഡി) 3 | മുനിസിപ്പാലിറ്റികളിലെ സ്ററാററിസ്ററിക്സ് വിഭാഗം ശക്തിപ്പെടുത്തൽ .. | 4,03,120 | 4,58,825 |

| നോൺ പ്ലാൻ | 1979–80 രൂപ | 1980–81 രൂപ |
|---|---|---|
| (1) | (2) | (3) |
| 283 എ(ഇ) 1 ഭവനനിർമ്മാണ സ്ഥിതി വിവരക്കണക്ക് വിഭാഗം .. | 80,370 | 91,232 |
| 281 (ഐ) 5 ഫെർട്ടിലിററി സർവേ .. | 1,08,109 | 1,76,058 |
| നോൺ പ്ലാൻ ആകെ .. | 81,67,861 | 87,85,300 |

| പ്ലാൻ | 1979–30 രൂപ | 1980–81 രൂപ |
|---|---|---|
| (1) | (2) | (3) |
| 304 (ഡി) 3 സംസ്ഥാന സ്ററാററിസ്ററിക്കൽ ബ്യൂറോ സർവീസിലുള്ളവർക്ക് പരിശീലനപരിപാടി .. | 14,973 | 41,775 |
| 304 (ഡി) 4 നിർമ്മാണം, കച്ചവടം, വാണിജ്യം എന്നീ വിഭാഗങ്ങളിൽ വേതനനിരക്കുകളുടെ സർവേ .. | 53,390 | 66,456 |
| 304 (ഡി) 5 യാന്ത്രിക കണക്കുകൂട്ടൽ യൂണിററിൻെറ സ്ഥാപനം .. | 1,12,459 | 60,997 |
| 304 (ഡി) 7 വിലവിവരഘടകം ശക്തിപ്പെടുത്തൽ .. | .. | 2,04,242 |
| 304 (ഡി) 11 വ്യാവസായികോല്പാദന സൂചിക നിർമ്മാണം .. | 1,42,342 | 1.35,547 |
| 304 (ഡി) 12 അതതു കാലത്തെ കാർഷിക സ്ഥിതിവിവര കണക്കുകരം റിപ്പോർട്ടുചെയ്യുന്നതിനുള്ള സർവേ (കേന്ദ്രാവിഷ്കൃതപദ്ധതി) .. | 56,30,196 | 68,78,661 |
| 304 (ഡി) 14 സംസ്ഥാന വരുമാന സ്ഥിതിവിവരക്കണക്കു വിഭാഗം വിവിധ തലങ്ങളിൽ മെച്ചപ്പെടുത്തുന്നതിനു .. | .. | 7,024 |
| 304 (ഡി) 15 കേരളത്തിലെ തൊഴിലില്ലായ്മയെപ്പററിയുള്ള സർവെ .. | 26,797 | .. |
| 304 (ഡി) 16 കേരളത്തിൽ ഭൂപരിഷ്ക്കരണപരിപാടികരം നടപ്പാക്കിയതിൻെറ ഫലങ്ങളെക്കുറിച്ചുള്ള പഠനം .. | 35,134 | .. |
| 304 (ഡി) 17 സാമ്പത്തികസെൻസസും സർവേയും .. | 3,48,931 | 3,04,962 |

| | പ്ലാൻ | 1979–80 രൂപ | 1980–81 രൂപ |
|---|---|---|---|
| | (1) | (2) | (3) |
| 304 (ഡി) 19 | പ്രധാനപ്പെട്ട വിളകളുടെ വിളവെടുപ്പിൻെറയും അവയുടെ കൃഷിച്ചെലവിൻെറയും സർവെ .. | 12,787 | 3,38,823 |
| 304 (ഡി) 20 | ഭവനോപഭോഗവസ്തുക്കളുടെ സർവെ .. | 87,549 | 2,26,952 |
| 304 (ഡി) 21 | മേഖലാ ആഫീസുകൾക്ക് ജീപ്പ് വാങ്ങുന്നതിന് .. | 1,02,677 | 1,33,825 |
| 304 (ഡി) 22 | എക്കണോമിക്സും സ്ററാററിസ്ററിക്സും ബ്യൂറോ ശക്തിപ്പെടുത്തൽ .. | .. | 96,248 |
| 304 (ഡി) 23 | ചെക്ക്പോസ്ററുകളിലൂടെയുള്ള ചരക്ക് ഗതാഗതത്തിൻെറ സർവെ .. | .. | 1,63,324 |
| 304 (ഡി) 25 | നിർമ്മാണപ്രവർത്തനങ്ങളുടെ സർവെ .. | .. | 88,487 |
| 304 (ഡി) 27 | ജലസേചനസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നത് അഭിവൃദ്ധിപ്പെടുത്തൽ .. | .. | 7,549 |
| 305 (എം) 1 | കാർഷിക കാനേഷുമാരി (കേന്ദ്രമേഖലാ പദ്ധതി) .. | 67,912 | 58,369 |
| 305 (എം) 2 | കൃഷിഭൂമികളിൽ കൂടുതൽ വിളവുനൽകുന്ന വിത്തിനങ്ങളെ വിലയിരുത്താനുള്ള സർവെ .. | 51,528 | 24,713 |
| 305 (ഒ) 10 | മാർക്കററ് ഇൻറലിജൻസ് പുനഃസംഘടിപ്പിക്കൽ .. | .. | 20,381 |
| 281 (ഐ) 3 | ജനസംഖ്യാപഠനകേന്ദ്രം .. | 1,57.455 | 1,60,299 |
| | പ്ലാൻ ആകെ . | 68,44,130 | 91,88,634 |
| | ആകെ ചെലവ് .. | 1,50,11,991 | 1,79,73,934 |

## അദ്ധ്യായം 2

## കൃഷി വിഭാഗം

കാർഷിക സ്ഥിതിവിവരക്കണക്ക് വിഭാഗം.—കൃഷി വ്യാപ്തി, കാർഷികോല്പാദനനിരക്ക്, പൊതുകാർഷിക സ്ഥിതികൾ എന്നിവയെ

പ്പററിയുള്ള വിവരങ്ങൾ ശേഖരിച്ച്, അപഗ്രഥിച്ച് എസ്ററിമേററുകളും റിപ്പോർട്ടുകളും തയ്യാറാക്കുക എന്നീ ജോലികളാണ് പ്രധാനമായും ഈ വിഭാഗം കൈകാര്യം ചെയ്യുന്നത്.

1. കേരളത്തിലെ കാർഷികസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള പദ്ധതി.— 1975–76-ൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാംഘട്ടം 1980–81-ലെ സർവേയോടുകൂടി അവസാനിക്കുന്നതാണ്. വിവിധ വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, മററു വിനിയോഗങ്ങൾ മുതലായവ തിട്ടപ്പെടുത്തുക, ജലസേചനം ലഭിക്കുന്ന സ്ഥലത്തിൻെറ വിസ്തൃതി, പ്രധാന കാർഷികവിളവുകളുടെ ഉല്പാദനം, അത്യുല്പാദനശേഷിയുള്ള നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി എന്നിവയുടെ മതിപ്പ് തയ്യാറാക്കുക ഇവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

മുൻകൊല്ലങ്ങളിലെ സർവെക്കുവേണ്ടി തിരഞ്ഞെടുത്തവ ഒഴിച്ചുള്ള 199 വില്ലേജുകളാണ് ഇത്തവണ സർവെ ചെയ്യാൻ തിരഞ്ഞെടുത്തത്. ഇതു കൂടാതെ 1979–80-ൽ സർവെ നടത്തിയ ഇൻവെസ്റ്റിഗേറ്റർ യൂണിറ്റുകളുടെ 25 ശതമാനം യൂണിററുകളിൽ കാർഷികവിളകളിൽ വരുന്ന മാററം വിലയിരുത്തുന്നതിനുവേണ്ടി പ്രസ്തുത സർവെ ആവർത്തിക്കുകയുണ്ടായി.

ഏകതല സാംപ്ലിംഗാണ് പ്രധാന സർവേക്ക് അവലംബിച്ചിട്ടുള്ളത്. താലൂക്ക് ഒരു സ്ട്രാട്ടം ആയും അതിലെ റവന്യൂ വില്ലേജ് അതിൻെറ യൂണിറ്റായും ഗണിച്ചുവരുന്നു. ആവർത്തന സർവെക്ക് ഇൻവെസ്റ്റിഗേറ്റർ യൂണിറ്റാണ് വില്ലേജിന് പകരം യൂണിറ്റായി സ്വീകരിച്ചത്.

1980–81-ലെ ഭൂവിനിയോഗത്തിൻെറയും, ദീർഘകാലവിളവുകളുടെയും വിവരങ്ങൾ ശേഖരിച്ചും, ഹ്രസ്വകാല വിളവുകളുടേത് അതാത് കാലങ്ങളിലാണ് ശേഖരിച്ചത്. കൂടാതെ നെല്ല്, മരച്ചീനി, തെങ്ങ്, കമുക്, കശുമാവ്, ഏലം, ഇഞ്ചിപ്പുല്ല്, കൊക്കോ, പപ്പായ എന്നിവയുടെ വിളവെടുപ്പു പരീക്ഷണങ്ങൾ നടത്തി, വിരിപ്പ്, മുണ്ടകൻ വിളകളുടെ വിവരങ്ങൾ തിട്ടപ്പെടുത്തി.

2. ഉൽപ്പാദന സ്ഥിതിവിവരം—(എ) നെല്ല്.—1979–80-ലെ മുണ്ടകൻ, പുഞ്ച 1980–81-ലെ വിരിപ്പ് എന്നീ കൃഷികളുടെ വിളവെടുപ്പ് പരീക്ഷണങ്ങളേയും ഫീൽഡ് സർവേയേയും അടിസ്ഥാനമാക്കി നെൽകൃഷി ചെയ്ത സ്ഥലത്തിൻെറ വിസ്തീർണ്ണം, ശരാശരി വിളവ്, അരിയുടെ ഉൽപ്പാദനം എന്നിവ താഴെ കൊടുക്കുന്നു:—

| വിളയുടെ പേര് | പരീക്ഷണങ്ങളുടെ എണ്ണം | കൃഷി ചെയ്യുന്ന സ്ഥലം (ഹെ) | ശരാശരി വിളവ് കി.ഗ്രാം/ഹെ | ഉൽപ്പാദനം (ടൺ) അരി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| മുണ്ടകൻ 80 .. | 1457 | 339608 | 2359 | 526461 |
| പുഞ്ച 80 .. | 1078 | 105285 | 2971 | 205531 |
| വിരിപ്പ് 80 .. | 1430 | 349243 | 2413 | 553748 |

68/84—2a

(ബി) മരച്ചീനിയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ.—മുൻ വർഷങ്ങളിലെ പോലെ കുട്ടനാട്, പറവൂർ, കൊച്ചി, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകൾ ഒഴികെ സംസ്ഥാനത്തെ മറ്റെല്ലാ താലൂക്കുകളിലും ഈ സർവേ നടത്തുകയുണ്ടായി.

വിളവെടുപ്പ് പരീക്ഷണങ്ങൾ മുഖേനയും, ഫീൽഡ് സർവേ മുഖാന്തിരവും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മരച്ചീനി കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണവും മറ്റും തിട്ടപ്പെടുത്തിക്കൊണ്ടിരുന്നു.

(സി) തെങ്ങ്, കമുക്, കുരുമുളക് തുടങ്ങിയവയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ.—1979–80-ൽ തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, നിലക്കടല, പരുത്തി, പയറ്, പുളി, എന്നിവയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തി. ഇവയുടെ ഉൽപ്പാദനം, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

1980–81-ൽ തെങ്ങ്, കമുക്, കശുമാവ്, കുരുമുളക് എന്നിവ കൂടാതെ ഏലം, കൊക്കോ, ഇഞ്ചിപ്പുല്ല്, പപ്പായ എന്നീ ഇനങ്ങൾക്കുകൂടി വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്താൻ തീരുമാനിക്കുകയും, അതനുസരിച്ചുള്ള സർവെ പുരോഗമിക്കുകയും ചെയ്യുന്നു.

3. കാർഷിക സ്ഥിതിവിവരക്കണക്ക്.—1978–79-ലെ കാർഷിക സ്ഥിതിവിവരക്കണക്ക് പ്രസിദ്ധീകരിച്ചു 1979–80-ലേതു തയ്യാറാക്കി വരുന്നു.

പ്രധാനപ്പെട്ട വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ഉൽപ്പാദനവും മുൻകൂട്ടി കണക്കാക്കുന്ന രീതിയനുസരിച്ച് ഈ വർഷവും പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കി നിശ്ചിത സമയത്തിന് ഇൻഡ്യ ഗവൺമെൻറിനും സംസ്ഥാന ഗവൺമെൻറിനും അയച്ചുകൊടുത്തു.

മഴയുടെ സ്ഥിതിവിവരക്കണക്കു തയ്യാറാക്കൽ.—സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നും ദിവസേനയുള്ള മഴവിവരം ലഭിക്കുന്നു. ഇവ സമാഹരിച്ച് പൂനയിലെ ഒബ്സർവേറ്ററി ഡപ്യൂട്ടി ഡയറക്ടർ ജനറലിന് അയച്ചുകൊടുത്തു.

ഇതു കൂടാതെ സംസ്ഥാനത്തെ കൃഷിയെ സംബന്ധിച്ച് 1980 നവംബർ, ഡിസംബർ മാസങ്ങളിൽ ഒരു സർവെ നടത്തുകയുണ്ടായി. ഈ സർവെ മുഖാന്തിരം ലഭിച്ച വിവരങ്ങൾ അപഗ്രഥിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

സമാന്തരസാംപിൾ പരിശോധനാ പദ്ധതി.—റ്റി. ആർ. എസിനു തിരഞ്ഞെടുക്കപ്പെട്ടതിൽ 20 ശതമാനം വില്ലേജുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ മേൽനോട്ടം ഈ ഡിപ്പാർട്ടുമെൻറിലെ അഡീഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാരിലും എൻ. എസ്. എസ്. ഒ. യിലും നിക്ഷിപ്തമായിരുന്നു. സ്വന്തം അധികാര പരിധിയിൽ വരുന്ന സാമ്പിളിലെ ഫീൽഡുവർക്ക് അതാതു ജില്ലാ ഓഫീസർമാർ നടത്തിവന്നു. തിരഞ്ഞെടുക്കപ്പെട്ട പ്ലോട്ടുകളിൽ ഈ ജോലി പൂർത്തിയായി.

1980–81-ലെ സർവേയോടുകൂടി കാർഷിക സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിലെ ഒന്നാം വർഷ സർവെ 1981–82-ൽ ആരംഭിച്ചു. 20 ശതമാനം വില്ലേജുകളാണ് 1981–82-ൽ സർവെ ചെയ്യുന്നത്.

കാർഷിക . സെൻസസ് വിഭാഗം.—ഭാരതത്തിലാകമാനം നടത്തിയ കാർഷിക സെൻസസിന്റെ ഭാഗമായി കേരളത്തിലും 1976–77-ൽ സംസ്ഥാന വ്യാപകമായി കാർഷിക സെൻസസ് നടത്തുകയുണ്ടായി. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതിനുശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നു ചേർന്നിട്ടുള്ള വ്യത്യാസങ്ങളും അതുകൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങളും അപഗ്രഥിക്കാനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക, ഭൂവിനിയോഗം, കാർഷിക വിളകളുടെ വിസ്തീർണ്ണം, ജലസേചന സൗകര്യം, വിത്ത്, വളം, കീടനാശിനികൾ എന്നിവയുടെ ഉപയോഗം കാർഷികോപകരണങ്ങൾ കന്നുകാലികൾ തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക എന്നിവയായിരുന്നു കാർഷിക സെൻസസിന്റെ പ്രധാന ലക്ഷ്യങ്ങൾ.

റിപ്പോർട്ടുവർഷത്തിൽ സംസ്ഥാനതല കാർഷിക സെൻസസിന്റെ റിപ്പോർട്ടും പട്ടികകളും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ആവശ്യമായ ഭേദഗതികൾ വരുത്തി കേന്ദ്രഗവൺമെന്റിനു വീണ്ടും സമർപ്പിച്ചു കഴിഞ്ഞു. രണ്ടു വാല്യമായി തയ്യാറാക്കിയ റിപ്പോർട്ടും പട്ടികകളും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

1980–81 അടിസ്ഥാനവർഷമായി അടുത്ത കാർഷിക സെൻസസ് നടത്തുന്നതിനുള്ള അനുവാദം കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ചുകഴിഞ്ഞു. പുതിയ സെൻസസ് നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ഇറിഗേഷൻ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം.—കേരളത്തിലെ ജലസേചന സൗകര്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുന്നത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി 24–10–1980-ലെ ജി. ഒ. (ആർ. റ്റി.) 484/80/പ്ലാനിംഗ് ഉത്തരവനുസരിച്ച് രൂപീകൃതമായതാണ് ഈ വിഭാഗം.

## അദ്ധ്യായം 3

## 1. പ്രൈസസ് വിഭാഗം

ഈ വിഭാഗത്തിൽ പ്രൈസസ് (ജനറൽ), ഇൻഡക്സ് സീരീസ് എന്നീ രണ്ടു യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കമ്പോളനിലവാരത്തെ സംബന്ധിച്ച ജോലികൾ തിരുവനന്തപുരത്തെയും കോഴിക്കോട്ടെയും റീജിയണൽ ഓഫീസർമാരാണ് നിർവഹിച്ചുവരുന്നത്.

(എ) പ്രൈസസ് (ജനറൽ).—ഈ വിഭാഗം താഴെ പറയുന്ന ജോലികൾ തുടർന്ന് ഏറ്റെടുത്ത് നടത്തിവരുന്നു:—

(1) 40 ആവശ്യസാധനങ്ങളുടെ ദൈനംദിന വില ജില്ലാ തലസ്ഥാനങ്ങളിൽ നിന്ന് ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസം തന്നെ ഗവൺമെന്റിലേക്ക് അയക്കുകയുണ്ടായി.

(2) വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് അയച്ചു.

(3) 92 ഇനം ഉപഭോക്ത്യ സാധനങ്ങളുടെ പ്രതിവാര ചില്ലറവില ശേഖരിച്ച് സൂചിക തയ്യാറാക്കി.

ഉപഭോക്തൃവിലസൂചിക കണക്കാക്കുന്നതിലുള്ള അപാകതകറം പരിഹരിക്കുന്നതിന് നിയുക്തമായ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് റേഷൻ സാധനങ്ങളുടെ ഓഫ്ടേക്ക് സർവെ നടത്തുന്നതിന് 12 പ്രൈസ് സൂപ്പർ വൈസറി ഓഫീസർ തസ്തിക സൃഷ്ടിക്കപ്പെടുകയുണ്ടായി. ആദ്യത്തെ സർവെ 1980 ആഗസ്റ്റിൽ നടത്തുകയും 1980 ജൂലൈ മുതലുള്ള ഉപഭോക്ത്യ വിലസൂചിക പ്രസ്തുത സർവെ റിസർട്ട് ഉപയോഗിച്ച് കണക്കാക്കുകയും ചെയ്തു.

താഴെ പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ ഉപഭോക്ത്യ വിലസൂചിക തയ്യാറാക്കി പതിവുപോലെ ഗസറ്റിൽ വിജ്ഞാപനം ചെയ്തുവന്നിരുന്നു:—

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12. മലപ്പുറം
13. കോഴിക്കോട്
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്ത്യ വിലസൂചിക കാണിക്കുന്ന സ്റ്റേറ്റ്മെൻറുകറം അവ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഗവൺമെൻറ്—സ്വകാര്യസ്ഥാപനങ്ങറംക്കും വ്യക്തികറംക്കും നേരിട്ട് അയച്ചുകൊടുത്തുവന്നിരുന്നു.

ഇതിനുപുറമെ 85 ആവശ്യസാധനങ്ങളുടെ പ്രതിവാര ചില്ലറ വിൽപ്പന വില എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ചിരുന്നു.

ലേബർ ബ്യൂറോ സീരീസിന്റെ ഉപഭോക്തൃവിലസൂചിക (കേന്ദ്ര സീരീസ്) തയ്യാറാക്കുവാൻ വേണ്ടി 5 സെൻററുകളിൽ നിന്നും ചില്ലറ വിൽപ്പന വില ഡിസംബർ 1980 വരെ ശേഖരിച്ച് വന്നിരുന്നു. 1971 അടിസ്ഥാന വർഷമായി കൊല്ലം, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽ നിന്ന് വില ശേഖരിച്ചിരുന്നത് 1980 ഡിസംബറിൽ നിർത്തുകയും 1981 അടിസ്ഥാന വർഷമായി കുടുംബ ബഡ്ജറ്റ് (ലേബർ ബ്യൂറോ) തിരുവനന്തപുരം, കൊല്ലം, മുണ്ടക്കയം ആലുവ എന്നീ സെൻററുകളിൽ നടത്തുന്നതിനുള്ള പ്രാരംഭനടപടികറം ആരംഭിക്കുകയും ചെയ്തു. ആലപ്പുഴ, ആലുവാ, മുണ്ടക്കയം എന്നിവിടങ്ങളിൽ നിന്ന് പഴയ സീരീസിലുള്ള വില സൂചിക കണക്കാക്കുന്നതിനുള്ള വിലകറം ശേഖരിച്ചു വന്നിരുന്നു.

1981 അടിസ്ഥാന വർഷമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ കുടുംബ ബഡ്ജററ് സർവെ നടത്തുന്നതിനുള്ള പദ്ധതിക്ക് ഗവൺമെൻറിന്റെ അംഗീകാരം ലഭിച്ചു. ആരോഗ്യവകുപ്പിന്റെയും, നാട്ടുചികിൽസാ വകുപ്പിന്റെയും ഉപയോഗത്തിനായി ആശുപത്രികറംക്കാവശ്യമുള്ള ആഹാരസാധനങ്ങളുടെയും മററു പദാർത്ഥങ്ങളുടെയും കമ്പോളവില ഈ വർഷം ശേഖരിച്ചുവന്നിരുന്നു. സർക്കാരാശുപത്രികളിലും മററും സാധനങ്ങറം എത്തിച്ചുകൊടുക്കുന്നത് സംബന്ധിച്ച് കരാറുകറംക്ക് അന്തിമരൂപം കൊടുക്കാൻ ഇവ ആവശ്യമാണ്. ഈ വില

ശേഖരണം ത്രൈമാസികമായി ഓരോ ത്രൈമാസികത്തിൻെറയും ആദ്യത്തെ വെള്ളിയാഴ്ച നടത്തപ്പെടുന്നു. ഇപ്രകാരം ശേഖരിക്കപ്പെടുന്ന അടിസ്ഥാനവില വിവരങ്ങൾ സൂക്ഷ്മപരിശോധനക്കുശേഷം അംഗീകരിക്കപ്പെടുന്നു. അംഗീകരിക്കപ്പെട്ട വിലകൾ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ഇൻഡിജിനസ് മെഡിക്കൽ ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർ, നാട്ടുചികിൽസാ വകുപ്പ് ഡയറക്ടർ, മെഡിക്കൽ കോളേജുകൾ, ക്ഷയരോഗ ആശുപത്രികൾ, ഇ.എസ്.ഐ. ആശുപത്രികൾ, മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലുള്ള കന്നുകാലി–കോഴിവളർത്തൽ കേന്ദ്രങ്ങൾ, കാഴ്ചബംഗ്ലാവ് ഡയറക്ടർ, ജയിൽ ഇൻസ്പെക്ടർ ജനറൽ, കേരളത്തിലെയും, തമിഴ് നാട്ടിലെയും പട്ടാളമേധാവികൾ തുടങ്ങിയവർക്ക് അയച്ചുകൊടുത്തിരുന്നു. ഡയററി സാധനങ്ങളുടെ വില ആവശ്യപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ ആവശ്യാനുസരണം വിവരങ്ങൾ നൽകപ്പെട്ടു വന്നിരുന്നു.

(ബി) മാർക്കററ് ഇൻറലിജൻസ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.—കമ്പോളനിലവാരം, കമ്പോളത്തിൽ സാധനങ്ങൾ എത്തിച്ചേരൽ തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമികോൽപാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 37 വ്യാപാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ടു ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാത് ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസർമാരും കോഴിക്കോടും തിരുവനന്തപുരത്തുമുള്ള രണ്ട് റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിച്ചുവന്നിരുന്നു.

ഇടുക്കി ഒഴിച്ചുള്ള എല്ലാ ജില്ലാ തലസ്ഥാനങ്ങളിലെയും വില ശേഖരണ പ്രവർത്തനം അതിനുവേണ്ടി മാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചുവന്നിരുന്നു. കൂടാതെ ചങ്ങനാശ്ശേരി കോഴിക്കോട്, കൊച്ചി എന്നീ മൂന്നു കേന്ദ്രങ്ങളിൽ മൂന്നു പ്രൈസ് ഇൻസ്പെക്ടർമാർ ജോലി ചെയ്തുവന്നിരുന്നു. കടക്കൽ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, ബല്യപട്ടണം എന്നിവിടങ്ങളിൽ 5 ഫുൾടൈം പ്രൈസ് റിപ്പോർട്ടർമാരാണ് വില ശേഖരിച്ചുവന്നിരുന്നത്. ബാക്കി കേന്ദ്രങ്ങളിലെ വില ശേഖരണജോലി ജൂനിയർ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാരോ ഇൻവെസ്ററിഗേററർമാരോ നിർവഹിച്ചുവന്നിരുന്നു.

തിരുവനന്തപുരം മേഖലയിൽ 27-ം കോഴിക്കോട് മേഖലയിൽ 10-ം കേന്ദ്രങ്ങളിലെ കമ്പോളവില ഉൾക്കൊള്ളുന്ന വിലനിലവാരബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം കോഴിക്കോട് നിലയങ്ങളിൽ ഗ്രാമരംഗത്തിലോ, കാർഷികരംഗത്തിലോ പ്രക്ഷേപണം ചെയ്തുവന്നിരുന്നു.

പ്രതിവാര കമ്പോള നിലവാരാവലോകനം.—തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവന്നിരുന്നു.

അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.—എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോള

വിലയെ കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും, സംസ്ഥാന റവന്യൂബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുകൊടുത്തുവന്നിരുന്നു. ഇതു കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ്ബാങ്കിന് അയച്ചുകൊടുത്തുവന്നിരുന്നു. പ്രതിശീർഷ വരുമാനം ശരിയായി കണ്ടുപിടിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും ഓരോ റിസർച്ച് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുകയുണ്ടായി.

(സി) ഇൻഡക്സ് സീരീസ് വിഭാഗം (കാർഷികധന സംബന്ധം) ഈ വിഭാഗം താഴെ പറയുന്ന സൂചികകൾ തയ്യാറാക്കിവന്നിരുന്നു:—

1. കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചിക.

2. കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവർക്കു വേണ്ടി വരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠന സൂചിക.

3. കാർഷികവേതന സൂചിക.

(1) കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചിക.—പ്രധാനപ്പെട്ട 17 കാർഷികോല്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽനിന്ന് ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കിവന്നിരുന്നു. ഇതിനുവേണ്ടി 1952–53 അടിസ്ഥാനവർഷമായി സ്വീകരിച്ച് മാസംതോറും ഈ മൊത്ത വിലസൂചിക തയ്യാറാക്കിവന്നിരുന്നു.

(2) കാർഷികവിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യപഠനസൂചിക.—അടിസ്ഥാനവർഷമായി സ്വീകരിച്ചിട്ടുള്ള 1952–53 കാലഘട്ടത്തിലെ കർഷകരുടെ സാമ്പത്തികനില, കാർഷികോല്പന്നങ്ങളുടെ വില, അവയ്ക്ക് വേണ്ടിവരുന്ന ചിലവുകൾ, ഗാർഹിക ചെലവുകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ എല്ലാം കണക്കാക്കി അവയും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തികനിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. റിപ്പോർട്ട് വർഷത്തിലെ എല്ലാ മാസങ്ങളിലും ഈ സൂചിക തയ്യാറാക്കിവന്നിരുന്നു.

(3) കാർഷികവേതന സൂചിക.—സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിന്റെ കണക്ക് ഇൻഡ്യാ ഗവൺമെൻറിന്റെ എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്കൽ അഡൈ്വസർക്ക് അയച്ചുകൊടുക്കുകയും അതോടൊപ്പംതന്നെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവന്നിരുന്നു. കർഷക തൊഴിലാളികളുടെയും വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള തൊഴിലാളികളുടെയും പ്രതിമാസവേതന സൂചിക കൃത്യമായി തയ്യാറാക്കി ഇൻഡ്യാ ഗവൺമെൻറിന് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു.

ഇവക്കെല്ലാം പുറമെ താഴെ പറയുന്ന ജോലികൾകൂടി ഈ വിഭാഗം നിർവഹിച്ചുവന്നിരുന്നു:—

1. തൊണ്ടോടുകൂടിയ നാളികേരത്തിന്റെ പ്രൈവാരികവില ശേഖരിച്ച് എറണാകുളത്തുള്ള ഇൻഡ്യൻ സെൻട്രൽ കോക്കനട്ട് കമ്മിറ്റിയുടെ സെക്രട്ടറിക്കും നീലേശ്വരത്തുള്ള ഡെപ്യൂട്ടി ഡയറക്ടർക്കും (അഗ്രികൾച്ചർ) അയച്ചുവന്നിരുന്നു.

2. ഒമ്പത്' കാർഷിക വിഭവങ്ങളുടെ വാർഷിക ശരാശരിവില തിട്ടപ്പെടുത്തി ന്യൂഡെൽഹിയിലുള്ള എക്കണോമിക്'സ്' ആൻറ്' സ്ററാററിസ്ററിക്കൽ അഡൈ്വസർക്ക്' അയച്ചുവന്നിരുന്നു.

3. കയറിൻെറ പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ്' സെക്രട്ടറിയെ അറിയിച്ചുവന്നിരുന്നു.

4. കയറിൻെറതന്നെ പ്രതിമാസ വിലനിലവാരം കേരള ഗസററിൽ പ്രസിദ്'ധപ്പെടുത്തുന്നതിനായി ഗവൺമെൻറ്' പ്രസ്'സിലേക്കും കൊടുത്തുവന്നിരുന്നു.

5. കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങഠം ആവശ്യാനുസരണം പൊതുജനങ്ങഠംക്ക്' നൽകി വന്നിരുന്നു.

കാർഷിക വിഭവങ്ങളുടെ ചില്ലറ വില്'പന.—സംസ്'ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച്' ഏകീകരിച്ച്' കേരളാ ഗസററിൽ 1975 നവമ്പർ മുതൽ പ്രസീദ്'ധപ്പെടുത്താറുണ്ടായിരുന്നത്' ഈ വർഷവും തുടർന്ന്' നടത്തിവന്നിരുന്നു.

## 2. സംസ്'ഥാന വരുമാന നിർണ്ണയവിഭാഗം

നടപ്പുവില നില വാരത്തിലും സ്'ഥിര വിലനിലവാരത്തിലും സംസ്'ഥാന വരുമാനവും പ്രതിശീർഷവരുമാനവും നിർണ്ണയിക്കുക, ജില്ലാതലവരുമാനം നിർണ്ണയിക്കുക, സംസ്'ഥാന ബഡ്'ജററിൻെറ എക്കണോമിക്' ക്ലാസിഫിക്കേഷൻ നടത്തുക, വിവിധ മേഖലകളിലെ മൂലധന സമാഹരണത്തെക്കുറിച്ചുള്ള പഠനങ്ങഠം നടത്തുക എന്നിവയാണ്' ഈ വിഭാഗത്തിൻെറ പ്രധാന ജോലികഠം.

(1) സംസ്'ഥാനവരുമാന നിർണ്ണയം.—റിപ്പോർട്ടു വർഷത്തിൽ പെട്ടെന്ന്' കിട്ടിയ സ്'ഥിതിവിവരക്കണക്കുകളുടെ അടിസ്'ഥാനത്തിൽ 1978–79-ലെ സംസ്'ഥാനവരുമാനം നിർണ്ണയിച്ചു പ്രസിദ്'ധപ്പെടുത്തുകയുണ്ടായി (Quick Estimate). കൂടാതെ 1970–71 മുതൽ 1978–79 വരെ കണക്കാക്കിയിരുന്ന സംസ്'ഥാന വരുമാനം കൂടുതലായി കിട്ടിയ സ്'ഥിതിവിവരക്കണക്കുകളുടെ അടിസ്'ഥാനത്തിൽ പുനർനിർണ്ണയം ചെയ്'തുകൊണ്ടിരിക്കുകയാണ്'. സംസ്'ഥാന വരുമാനത്തിൻെറ പുനർനിർണ്ണയമനുസരിച്ച്' ജില്ലാ തലത്തിലുള്ള കണക്കുകളും തയ്യാറാക്കി വരുന്നു.

(2) മൂലധന സമാഹരണം (Capital formation).—വിവിധ മേഖലകളിലെ മൂലധനസമാഹരണത്തെക്കുറിച്ചുള്ള പഠനങ്ങഠം നടത്തുന്നതിൻെറ ഭാഗമായി റിപ്പോർട്ടു വർഷത്തിൽ കേരളാ സ്'റ്റേററ്' റോഡ്' ട്രാൻസ്'പോർട്ട്' കോർപ്പറേഷൻെറയും വിദ്യുച്'ഛക്'തി ബോർഡിൻെറയും മൂലധനസമാഹരണത്തെ സംബന്'ധിച്ചുള്ള പഠനങ്ങഠം നടത്തി റിപ്പോർട്ടുകഠം കേന്ദ്ര സ്'റ്റാറ്റിസ്'റ്റിക്കൽ ഓർഗനൈസേഷന്' സമർപ്പിച്ചു. തുടർന്ന്' സർക്കാർ ഉടമയിലും സ്വകാര്യമേഖലയിലും ഉള്ള വിവിധ സ്'ഥാപനങ്ങളിലെ മൂലധനസമാഹരണത്തെ സംബന്'ധിച്ചുള്ള പഠനങ്ങഠം നടത്തിവരുന്നു.

(3) സംസ്'ഥാന ബഡ്'ജറ്റിൻെറ എക്കണോമിക്'-കം-പർപ്പസ്' ക്ലാസിഫിക്കേഷൻ.—സർക്കാരിൻെറ മൂലധന സമാഹരണവും സമ്പാദ്യവും കൂടാതെ ദേശീയ ഉല്'പാദനത്തിൽ സർക്കാരിൻെറ പങ്കും എത്രത്തോളമുണ്ടെന്ന്' മനസ്'സിലാക്കുന്നതിനുവേണ്ടി എല്ലാ സംസ്'ഥാന സർക്കാരുകളും അവരവരുടെ ബഡ്'ജറ്റുകളുടെ സാമ്പത്തിക വിശകലനം തയ്യാറാക്കു

ന്നുണ്ട്. സർക്കാരിൻെറ ഭരണ വകുപ്പുകളുടെയും വ്യാവസായിക സംരംഭങ്ങളുടെയും ദൈനംദിന പ്രവർത്തനച്ചെലവ്, മൂലധനസമാഹരണം, ആസ്തി, ബാദ്ധ്യത എന്നിവയെപ്പറ്റിയും പൊതുഭരണം, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, ഭവന നിർമ്മാണം, സാംസ്കാരിക സാമ്പത്തിക പ്രവർത്തനം എന്നീ മേഖലകളിലെ ചെലവുകളെപ്പറ്റിയും വിശകലനം ചെയ്യുകയാണ് പ്രധാനമായും ഈ സാമ്പത്തിക വിശകലനംകൊണ്ടുദ്ദേശിക്കുന്നത്. റിപ്പോർട്ട് വർഷത്തിൽ 1975–76 മുതൽ 1980–81 വരെയുള്ള സംസ്ഥാന ബഡ്ജററുകളുടെ സാമ്പത്തിക വിശകലനം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(4) സംസ്ഥാനതല കണക്കുകൾ (Regional accounts).—സംസ്ഥാനതല കണക്കുകൾ തയ്യാറാക്കുന്നതിൻെറ പ്രഥമ സംരംഭമെന്ന നിലയിൽ 1975–76-ലെ പട്ടികകൾ തയ്യാറാക്കി കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻെറ അഭിപ്രായത്തിനായി അയച്ചിട്ടുണ്ട്. 1976–77 മുതൽ 1978–79 വരെയുള്ള പ്രസ്തുതജോലി തുടർന്നുചെയ്തുകൊണ്ടിരിക്കുന്നു.

അവലോകനം.—നടപ്പുവിലകളിൽ 1978–79-ലെ സംസ്ഥാനവരുമാനം 261.833 ലക്ഷം രൂപയും 1977–78-ലേത് 240.576 ലക്ഷം രൂപയുമായിരുന്നു. ഇത് 1977–78-ലേതിനെക്കാൾ 8.83 ശതമാനം കൂടുതലാണ്. പ്രതിശീർഷവരുമാനം 1978–79-ൽ 1057.37 രൂപയും 1977–78-ൽ 987.02 രൂപയും ആയി കണക്കാക്കപ്പെട്ടു. ഇത് മുൻവർഷത്തേക്കാൾ 7.03 ശതമാനം കൂടുതലാണ്. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും 1970–71 മുതൽ 1978–79 വരെയുള്ള സംസ്ഥാനവരുമാനത്തിൻെറയും പ്രതിശീർഷ വരുമാനത്തിൻെറയും ഒരു ചിത്രം കിട്ടുന്നതാണ്.

കേരളത്തിലെ മൊത്തവരുമാനവും പ്രതിശീർഷവരുമാനവും

| വർഷം | നടപ്പുവർഷത്തെ വില നിലവാരത്തിൽ | | 1970–71-ലെ വില നിലവാരത്തിൽ | |
|---|---|---|---|---|
| | സംസ്ഥാന വരുമാനം | പ്രതിശീർഷ വരുമാനം | സംസ്ഥാന വരുമാനം | പ്രതിശീർഷ വരുമാനം |
| 1970–71 | 118336 | 563·56 | 118336 | 563·56 |
| 1971–72 | 121047 | 563·35 | 124433 | 579·11 |
| 1972–73 | 139726 | 635·58 | 127179 | 578·51 |
| 1973–74 | 174621 | 776·58 | 127998 | 569·23 |
| 1974–75 | 202944 | 882·71 | 130803 | 568·93 |
| 1975–76 | 213131 | 907·33 | 132514 | 564·13 |
| 1976–77 | 227065 | 948·04 | 129868 | 542·22 |
| 1977–78 | 240576 | 987·02 | 135757 | 556·97 |
| 1978–79 | 261833 | 1056·37 | 133353 | 538·02 |

(5) കയറ്റുമതി ഇറക്കുമതി സ്ഥിതിവിവരക്കണക്ക്.—കൊച്ചി തുറമുഖംവഴി വിദേശ രാജ്യങ്ങളിലേക്ക് കയററുമതി ചെയ്യുന്നതിൻെറയും ആ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതിൻെറയും ദൈനംദിന വിവരങ്ങറം കൊച്ചി ചുങ്കം കളക്ടർ ആഫീസിൽനിന്നും ശേഖരിച്ച് അവയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല.

റിപ്പോർട്ടു വർഷത്തിൽ 1978–79-ലെ വാർഷിക വിവരങ്ങറം ചെറുകിട തുറമുഖങ്ങളിൽനിന്നുംകൂടി ശേഖരിച്ച് കേരളത്തിലെ കടൽ മാർഗ്ഗം നടക്കുന്ന മൊത്തം കയററുമതിയുടെയും ഇറക്കുമതിയുടെയും റിപ്പോർട്ടുകറം തയ്യാറാക്കുകയും 1979–80-ലെ സമാന വിവരങ്ങളുടെ ശേഖരണം ആരംഭിക്കുകയും ചെയ്തു.

ആലപ്പുഴ തുറമുഖത്തിൻെറ വികസനത്തിനുവേണ്ടി നിലവിലുള്ള ഗതാഗതത്തെപ്പററിയും ഭാവിയിലെ ഗതാഗത സാദ്ധ്യതകളെപ്പററിയും മനസിലാക്കാനും അതിൻെറ ഉയർച്ചയ്ക്കുവേണ്ട മാർഗ്ഗങ്ങളെപ്പററി പഠിക്കുന്നതിനായി 1979-ൽ നടത്തിയ സർവേയുടെ റിപ്പോർട്ട് 1980-ൽ പ്രസിദ്ധീകരിച്ചു.

(6) ഭവന നിർമ്മാണ വേതനഘടനാ സർവെ വിഭാഗം.—ഭവനനിർമ്മാണത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകറം, കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലനിലവാരം, ജോലിക്കാരുടെ വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങറം മുതലായവ ശേഖരിക്കുകയും അവ വിശകലനം ചെയ്ത് പട്ടികകളും റിപ്പോർട്ടുകളും തയ്യാറാക്കുകയാണ് ഈ വിഭാഗം പ്രധാനമായും ചെയ്തുവരുന്നത്.

1. ഭവന നിർമ്മാണം.—റിപ്പോർട്ടുവർഷത്തിൽ ഈ വിഭാഗം കേരളത്തിലെ മുൻസിപ്പാലിററികറം 1–1–1979-മുതൽ 31–3–1980-വരെ അനുവാദം നൽകിയ സ്വകാര്യമേഖലയിലെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ അർദ്ധവാർഷിക ത്രൈമാസിക കണക്കുകറം മുൻസിപ്പൽ ഭരണവകുപ്പ് ഡയറക്ടറിൽനിന്ന് ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തികൊണ്ടിരിക്കുന്നു.

കൂടാതെ തിരുവനന്തപുരം കോർപ്പറേഷനിലെ സ്വകാര്യമേഖലയിലുള്ള കെട്ടിടനിർമ്മാണപ്രവർത്തനങ്ങളുടെ 30–9–1980-ലെയും 30–12–1978-ലെയും ത്രൈമാസിക റിപ്പോർട്ടുകളും കോഴിക്കോട് കോർപ്പറേഷനിലെ 30–9–1978-ലെ ത്രൈമാസിക റിപ്പോർട്ടും തയ്യാറാക്കി ന്യൂഡെൽഹിയിലെ ദേശീയ കെട്ടിടനിർമ്മാണസമിതിയിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. ഇതിനുപുറമെ കെട്ടിടനിർമ്മാണസാധനങ്ങളുടെ വിലനിലവാരവും കെട്ടിടനിർമ്മാണജോലിക്കാരുടെ വേതനഘടനയും സംബന്ധിച്ച് 1979–80-ലെ വാർഷികറിപ്പോർട്ടുകറം തയ്യാറാക്കി ദേശീയ കെട്ടിടനിർമ്മാണസമിതിയിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

2. വേതനഘടനാ സർവെ.—വേതനഘടനാ സർവേ മുൻകൊല്ലങ്ങളിലെപ്പോലെ റിപ്പോർട്ടുവർഷത്തിലും ത്രൈമാസിക ഘട്ടങ്ങളിലായി നടത്തുകയുണ്ടായി. നഗരങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും മൊത്തം ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ നിലവിലുള്ള വേതന നിരക്കുകളും നിർമ്മാണ മേഖയിലെ വിവിധ വിഭാഗം തൊഴിലാളികളുടെ വേതന നിരക്കുമാണ് പ്രധാനമായും ശേഖരിച്ചുവരുന്നത്. 1978–79-ലേയും 1979–80-ലെ വേതന ഘടനാ സർവെയുടെ റിപ്പോർട്ടുകറം റിപ്പോർട്ടു വർഷത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

അദ്ധ്യായം 4

## ഔദ്യോഗിക സ്ഥിതി വിവരം

